LIBRARY ARCHIVES Kerala Legislative Assembly

## ഹയർസെക്കണ്ടറി ഗസ്റ്റ് ലക്ചറർമാരുടെ ദിവസവേതന വർദ്ധനവ് കോളേജിലെ ഗസ്റ്റ് ലക്ചറർമാർക്കും നൽകാൻ നടപടി

154 [3337] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ്/എയിഡഡ് ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ പഠിപ്പിക്കുന്ന ഗസ്റ്റ് ലക്ചറർമാർക്ക് മണിക്കൂർ വേതന നിരക്കിൽ നൽകുന്ന പരമാവധി പ്രതിമാസ വേതനം 6000 രൂപ ആയി വർദ്ധിപ്പിച്ചത് എന്നാണ്; ഈ നിരക്കിന് എന്നു മുതൽക്കാണ് പ്രാബല്യം നൽകിയിട്ടുള്ളത്;

(ബി) ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാർക്ക് മണിക്കൂർ വേതന നിരക്കിൽ നൽകുന്ന പരമാവധി പ്രതിമാസ വേതനം 6,000 രൂപ ആയി വർദ്ധിപ്പിച്ചത് എന്നാണ്;

(സി) ഈ വർദ്ധനവിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) ഹയർസെക്കണ്ടറി ഗസ്റ്റ് ലക്ചറർമാരുടെ പ്രതിമാസ വേതനം പരമാവധി 6,000 രൂപ ആയി വർദ്ധിപ്പിച്ചുനൽകിയ തീയതി മുതൽ പ്രാബല്യത്തോടെ കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാർക്കും വേതന വർദ്ധനവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 1-1-2003-ൽ 26-11-2001 മുതൽ മുൻകാല പ്രാബല്യത്തോടെയാണ് നൽകിയിട്ടുള്ളത്.

(ബി) 2-7-2004-ൽ.

(സി) ഇല്ല.

(ഡി ആന്റ് ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് മുൻകാല പ്രാബല്യം നൽകാൻ നിർവ്വാഹമില്ല.

## കൊല്ലം ജില്ലയിലെ സ്വകാര്യ മെഡിക്കൽ, ഡെന്റൽ, ഫാർമസി, എഞ്ചിനീയറിംഗ് കോളേജുകൾ

155 [3338] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ സ്വകാര്യ മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾക്കും, ഡെന്റൽ കോളേജുകൾക്കും, ഫാർമസി കോളേജുകൾക്കും, എഞ്ചിനീയറിംഗ് കോളേജുകൾക്കും എൻ.ഒ.സി. നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;